ആരോഗ്യപരമായ ഭക്ഷണരീതി, ലഹരിയോടുള്ള ആസക്തിയെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണവും, രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പരിപാടിയും രോഗം നിർണ്ണയിക്കപ്പെട്ടവർക്ക് ശാസ്ത്രീയമായ പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സയും സൗജന്യമരുന്നുകളും, രോഗം മൂർച്ഛിക്കാതെ ഗുരുതര രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി ആശുപത്രികളെ ശാക്തീകരിക്കൽ എന്നിവയാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 44 ഡയാലിസിസ് കേന്ദ്രങ്ങളിൽ 20 എണ്ണം ആരംഭിച്ചിട്ടുണ്ട്. 21 എണ്ണം 2019 മാർച്ച് മാസത്തോടെ ആരംഭിക്കുവാൻ കഴിയും. 3 കേന്ദ്രങ്ങളുടെ പണി 2019 ഡിസംബർ മാസത്തിനുമുമ്പ് പൂർത്തിയാകും. കൂടാതെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താലൂക്ക് ആശുപത്രി, വർക്കല, താലൂക്ക് ആശുപത്രി ആറ്റിങ്ങൽ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി അടിമാലി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കട്ടപ്പന എന്നീ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ധനസഹായത്തോടെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കൂടുതൽ ഡയാലിസിസ് ചികിത്സാ സൗകര്യം ആരംഭിക്കുന്നുണ്ട്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപന സഹായത്തോടെ വീരണകാവ് പി.എച്ച്.സി.-യിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്ന പ്രവർത്തനങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഇ-ഓഫീസ് പദ്ധതി

292 (2247) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമവകുപ്പിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഏതെല്ലാം സെക്ഷനുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇനിയും ഏതെല്ലാം സെക്ഷനുകളിലാണ് നടപ്പിലാക്കാനുള്ളത് വ്യക്തമാക്കുമോ;

(ബി) മറ്റ് വകുപ്പുകളിൽ നിന്നും ഇ-ഓഫീസ് വഴി ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ ലഭിക്കുന്ന ഐ.എഫ്.എം.എ. ഫയലുകളിൽ ഇപ്പോൾ തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) മറ്റ് വകുപ്പികളിൽനിന്നും ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ ലഭിക്കുന്ന ഐ.എഫ്.എം.എ. ഫയലുകളിൽ പലിശ രഹിത വായ്പ അനുവദിക്കാൻ ആരോഗ്യ വകുപ്പ് അനുമതി നൽകുന്നതിന് മുമ്പായി പ്രസ്തുത ഫയൽ ചികിത്സയ്ക്കാവശ്യമായ തുക നിർണ്ണയിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെയോ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ ഡയറക്ടറുടെയോ അഭിപ്രായത്തിനായി അയയ്ക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റുൾപ്പെടെ പല കാര്യാലയങ്ങളിലും ഇ-ഫയൽ സംവിധാനം നിലവിൽ വന്നിട്ടില്ല. ആയതിനാൽ ഫയൽ e-file ആയി അഭിപ്രായത്തിനായി ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാർക്ക് നൽകാൻ സാധ്യമല്ല. ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ ലഭിക്കുന്ന എല്ലാ ഐ.എഫ്.എം.എ. ഫയലുകളിലും സത്വര നടപടി സ്വീകരിക്കാറുണ്ട്.

**പരിശോധന നടത്താതെ മരുന്നുകൾ വിൽക്കുന്ന നടപടി**

293 (2248) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബാച്ച് മരുന്നുകൾ മൊത്തവിതരണക്കാരും ചില്ലറവിതരണക്കാരും വിൽക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ബാച്ച് മരുന്നുകളുടെ പരിശോധന ഡ്രഗ്സ് കൺട്രോളർ വിഭാഗം നടത്തിയിട്ടുണ്ട്; വിശദമാക്കുമോ:

(സി) പരിശോധന നടത്താതെ നിരവധി ബാച്ച് മരുന്നുകൾ വിൽക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ജനങ്ങളുടെ ജീവൻ അപകടകരമാക്കുന്നതും മറ്റ് രോഗങ്ങൾക്ക് കാരണമാകുന്നതുമായ നിരവധി ബാച്ച് മരുന്നുകൾ പരിശോധിക്കുന്നില്ലെന്ന വിവരത്തിന്മേൽ ഡ്രഗ്സ് കൺട്രോളർ വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) നിരോധിച്ച മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും വിൽക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്ന രീതി എപ്രകാരമെന്ന് വ്യക്തമാക്കുമോ; 2010 ജനുവരി മുതൽ ഇപ്രകാരം കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?